പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1609** **14.12.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്**

## കർഷകരും കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും

| **ചോദ്യം**<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷികോല്പന്നങ്ങളുടെ വിലതകർച്ച മൂലം കടക്കെണിയിൽപ്പെട്ട എത്ര കർഷകർ ആത്മഹത്യ ചെയ്തു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാർഷികോല്പന്നങ്ങളുടെ വിലതകർച്ച മൂലം കടക്കെണിയിൽപ്പെട്ട 23 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) പ്രസ്തുത കർഷകരിൽ ഒരാളൊഴികെയുള്ളവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും ഒരാളുടെ കുടുംബത്തിന് 50,000/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായമായി നല്കിയിട്ടുണ്ട്. |
| (സി) കർഷക കടാശ്വാസ കമ്മീഷനിൽ എത്ര അപേക്ഷകൾ കെട്ടി കിടക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) കടാശ്വാസം അനുവദിക്കുന്നതിനായി കമ്മീഷനിൽ ലഭിച്ച അപേക്ഷകളിൽ 1,01,660 എണ്ണം ഇനിയും തീർപ്പാക്കാനുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷന് എത്ര രൂപ അനുവദിച്ചു എന്നും കടാശ്വാസമായി കർഷകർക്ക് എത്ര രൂപ വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ ? | (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 163.5 ലക്ഷം രൂപയും ചെയർമാന്റെ ആവശ്യത്തിന് കാർ വാങ്ങുന്നതിന് 12,21,272/- രൂപയും അനുവദിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം 37,15,28,127/- രൂപ കടാശ്വാസം വിതരണം ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചിട്ടുണ്ട്. കടാശ്വാസമായി കർഷകർക്ക് 34,09,10,575/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ